LIBRARY ARCHIVES Kerala Legislative Assembly

ആയുർവ്വേദകാളേജ്.

✱ 631. [32] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ആയുർവ്വേദകാളേജിൽ നിയമിച്ചിട്ടുള്ളവരിൽ ഭൂരിഭാഗവും യൂണിവേഴ്സിററി നിശ്ചയിച്ചിട്ടുള്ള യോഗ്യതകളില്ലാത്തവരാണോ;

(ബി) ടീച്ചിംഗ് സ്റ്റാഫിൽ ഏതാനും നാളുകൾക്കുമുമ്പ് മുൻസിഫ്കോടതി ആമ്യനായിരുന്നതും, യാതൊരു പരീക്ഷായോഗ്യതയില്ലാത്തതുമായ ഒരാളെ ലക്ചററായി നിയമിച്ചിട്ടുണ്ടോ;

(സി) ഉദ്യോഗത്തിൽ നിന്നും പെൻഷനായി പിരിഞ്ഞ വല്ലവരേയും ആയുർവ്വേദ റിസർച്ച് എന്ന പേരിൽ പ്രൊഫസറായി നിയമിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ആയുർവ്വേദ കാളേജിൽ നിയമിച്ചിട്ടുള്ളതിൽ ഭൂരിഭാഗവും യൂണിവേഴ്സിററി നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ഇല്ലാത്തവരാണെന്നുള്ളതു് ശരിയല്ല.

(ബി) ഒരു ബാലകൃഷ്ണവാര്യർ ആയുർവ്വേദകാളേജിൽ പണ്ഡിററായി ജോലിനോക്കുന്നുണ്ട്. അദ്ദേഹത്തെപ്പററിയുള്ള വിവരങ്ങൾ താഴെ പറയുന്നവയാണ്.

അദ്ദേഹം എസ്സ്. എസ്സ്. എൽ. സി; ടൈപ്പ്റൈററിംഗ് കെ. എ. സമാജം വൈദ്യപരീക്ഷ എന്നിവ പാസ്സായിട്ടുണ്ട്. 1106 മുതൽ 1111 വരെ സെൻസസ് കാപ്പിസ്റ്റായി ജോലി നോക്കിട്ടുണ്ട്. അതിനുശേഷം 1115 വരെ ആർ. വി. സി. ഹോസ്പിററലിൽ കമ്പൗണ്ടരായിരിക്കുകയും 1116-ൽ കൊച്ചി മുൻസിഫ്കോടതിയിൽ അല്പകാലം ആമ്യനായി ജോലിനോക്കുകയും ചെയ്തിട്ടുണ്ട്. 1117-ൽ കൊച്ചിസർവ്വീസിൽ ആൻറ്മലേറിയൽ വകുപ്പിൽ വൈദ്യനായി നിയമിച്ചു. 1121-ൽ അദ്ദേഹത്തെ സ്ഥിരപ്പെടുത്തി. സർവ്വീസ് സംയോജനത്തെ തുടന്ന് 30-45 രൂപയിൽ മട്ടാഞ്ചേരിയി ആയുർവ്വേദവൈദ്യശാലയിൽ വൈദ്യനായും നിയമിച്ചു. 1952-ൽ ആയുർവ്വേദകാളേജിൽ അസിസ്റ്റൻറ പണ്ഡിററായും 1954 സെപ്റ്റംബറിൽ പണ്ഡിററായും നിയമിച്ചു.

(സി) അങ്ങനെ ഒരാളെ നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ പേരു കാലടി പരമീശ്വരൻപിള്ള എന്നാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ സമാജം വൈദ്യപരീക്ഷയ്ക്കു് എന്തു് വിലയാണുള്ളതു്?

ശ്രീ. എ. എ. റഹിം: കെ. എ. സമാജം വൈദ്യപരീക്ഷയും തിരുവിതാംകൂറിലെ വൈദ്യകലാനിധി പരീക്ഷയും തുല്യമാക്കിയിട്ടുണ്ട്. കൂടാതെ എസ്സ്. എസ്സ്. എൽ. സി. പരീക്ഷ അദ്ദേഹത്തിൻെറ അഡിഷനൽ ക്വാളിഫിക്കേഷനാണ്.

ശ്രീ. പ്രാക്കുളം ഭാസി: വൈദ്യകലാനിധി പരീക്ഷയും വാര്യർ പാസ്സായിട്ടുള്ള പരീക്ഷയും തുല്യമാണെന്നു ഗവണ്മെൻറാർഡർ ഉണ്ടോ?

ശ്രീ. എ. എ. റഹിം: തുല്യമാണെന്നു കരുതിയാണു് നിയമിച്ചിട്ടുള്ളതു്.

ശ്രീ. പ്രാക്കുളം ഭാസി: റിസർച്ചിനു നിയമിച്ചിട്ടുള്ള ആൾ എന്തു റിസർച്ചാണു് നടത്തിയിട്ടുള്ളതു്?

ശ്രീ. എ. എ. റഹിം: പറയത്തക്ക റിസർച്ചൊന്നും നടന്നതായി അറിവില്ല. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി: എത്രപേരെ റിസർച്ചിനു നിയമിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. എ. റഹിം: ശ്രീ. കാലടി പരമേശ്വരൻപിള്ളയെയും അദ്ദേഹത്തിനു അസിസ്റ്റന്റായി മറ്റൊരാളെയും.

ശ്രീ. പ്രാക്കുളം ഭാസി: എന്തെങ്കിലും റിസർച്ചു് അവിടെ നടത്തുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ടു്. ഫലം പറയാറായിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: റിസർച്ചു് നടത്താനുള്ള പരീക്ഷായോഗ്യത അവർക്കില്ലെന്നറിയാമോ?

ശ്രീ. എ. എ. റഹിം: യോഗ്യത ഉള്ളതുകൊണ്ടാണു് അവരെ നിയമിച്ചിട്ടുള്ളതെന്നു വിശ്വസിക്കുന്നു. 1955 ഫെബ്രുവരി 14–ാംതീയതിക്കു മുമ്പാണു് നിയമനം നടത്തിയിട്ടുള്ളതു്. എന്തു യോഗ്യതയുടെ മാനദണ്ഡത്തിലാണു് നിയമിച്ചിട്ടുള്ളതെന്നു് എനിക്കിപ്പോൾ പറയാൻ നിവൃത്തിയില്ല.

SHORT NOTICE QUESTIONS AND ANSWERS.

ടൈം സ്കെയിൽ.

* 5. [5] **ശ്രീ. ആർ. പ്രകാശം:** താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെന്റ് ജീവനക്കാർക്കു് ഏർപ്പെടുത്തിയിട്ടുള്ള ടൈം സ്കെയിൽ മുനിസിപ്പൽ ജീവനക്കാർക്കുകൂടി ബാധകമാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിനെക്കുറിച്ചു് മുനിസിപ്പാലിറ്റികളിൽ നിന്നു പ്രമേയങ്ങൾ പാസ്സാക്കി ഗവണ്മെന്റിലേയ്ക്കയച്ചിട്ടുണ്ടോ;

(സി) അതിന്മേൽ ഗവണ്മെന്റ് എന്തു മറുപടി നൽകി?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ. ബി. സി.) മുനിസിപ്പൽ ജീവനക്കാർക്കു് ടൈംസ്കെയിൽ അനുവദിച്ചുകൊണ്ടുള്ള ഉത്തരവു് പാസാക്കിക്കഴിഞ്ഞു. എല്ലാ മുനിസിപ്പാലിറ്റികൾക്കും ആ ഉത്തരവിന്റെ പകർപ്പു രണ്ടു ദിവസത്തിനകം കിട്ടുന്നതാണു്.

ശ്രീ. ആർ. പ്രകാശം: മുനിസിപ്പൽ ജീവനക്കാർക്കു് ടൈംസ്കെയിൽ ഏർപ്പെടുത്തുന്ന കാലത്തു് അതു കൊടുക്കാൻ മുനിസിപ്പാലിറ്റികൾ ഗ്രാന്റ് നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ഞാൻ നോക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly